**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **13-12-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി - മാറ്റിവയ്ക്കേണ്ടി വന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധി കാരണം ഏതെല്ലാം പദ്ധതികൾ മാറ്റി വെയ്ക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | രേഖകൾ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക പ്രതിസന്ധി കാരണം പദ്ധതികൾ ഒന്നും മാറ്റി വെയ്ക്കേണ്ടതായി വന്നിട്ടില്ല. |
| (ബി) | ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | **സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥപുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (സി) | സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പടെ പല ക്ഷേമ പദ്ധതികളും മുടങ്ങിയിട്ടുണ്ടെന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ? | (സി) | ശരിയല്ല. 2022 നവംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷ പെൻഷനുകളും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ